ഉത്തരം

(എ) 10 കാറുകൾ ഉണ്ട്.

(ബി) കാറുകളൊന്നുംതന്നെ അവിടത്തെ ഉദ്യോഗസ്ഥർക്ക് വിട്ടു കൊടുത്തിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉണ്ട്.

(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

പി.എസ്.സി.യിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ

33(771) ശ്രീ. ജോസ് ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയുണ്ടെന്ന് വ്യക്തമാക്കുമോ; ഇത്തരം അപേക്ഷകളിൽ എത്രയും പെട്ടെന്ന് തീർപ്പു കല്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) കമ്മീഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസിൽ 31-1-2000-ലെ കണക്കനുസരിച്ച് 1257 തസ്തികകളുടെ 8119192 അപേക്ഷകൾ തെരഞ്ഞെടുപ്പു പ്രക്രിയയുടെ വിവിധ ഘട്ടങ്ങളിലായുണ്ട്. വർഷങ്ങളായി കെട്ടിക്കിടക്കുന്ന ജോലി ചെയ്തു തീർക്കുന്നതിന് ഒരു അഡിയർ ക്ലിയറൻസ് സെൽ രൂപീകരിക്കുന്നതിനും ഇതിലേയ്ക്കാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കെൽട്രോൺ മുഖേന പി.എസ്.സി. ഓഫീസ് ഘട്ടംഘട്ടമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ എടുത്തു വരികയാണ്. കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്ന പി.എസ്.സി. യുടെ നിർദ്ദേശവും സർക്കാർ പരിശോധിച്ചു വരുന്നു കൂടാതെ സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭരണ പരിഷ്കാര കമ്മിറ്റി നൽകിയ റിപ്പോർട്ടിലെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ കേരള പബ്ലിക് സർവീസ് കമ്മീഷൻ ഓഫീസുകളിലും ഏർപ്പെടുത്തുന്നതാണ്.

ബഹുരാഷ്ട്ര കമ്പനികളുടെ നിക്ഷേപം

34(772)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ വിദേശയാത്രാ വേളകളിൽ ഏതെങ്കിലും ബഹുരാഷ്ട്ര കമ്പനിയുമായി ബന്ധപ്പെട്ടിരുന്നുവോ; എങ്കിൽ ഏതെല്ലാം കമ്പനികളുമായാണ് ബന്ധപ്പെട്ടതെന്ന് പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly